വിദ്യ അനുസരിച്ച് എണ്ണപ്പനക്കുലകൾ 60 ഡിഗ്രി ചൂടിൽ പുഴുങ്ങിയുണക്കി സസ്യയെണ്ണ ആട്ടിയെടുക്കാം. എണ്ണപ്പനക്കുലകൾ പുഴുങ്ങി ഹൈഡ്രോളിക് പ്രസ് ഉപയോഗിച്ച് പിഴിഞ്ഞാണ് ഇപ്പോൾ പാമോയിൽ നിർമ്മിച്ചുവരുന്നത്. ചെലവേറിയതും ജലാംശം ഗണ്യമായ തോതിൽ നഷ്ടപ്പെടുന്നതുമായി ഇപ്പോഴത്തെ പാമോയിൽ നിർമ്മാണപ്രക്രിയക്കുപകരം കേരകർഷകർ കൊപ്രയിൽനിന്ന് വെളിച്ചെണ്ണ ആട്ടിയെടുക്കുന്നതുപോലെതന്നെ എണ്ണപ്പന ക്കുലകളുടെ സംസ്ക്കരണവും വീട്ടിൽവച്ച് ചെയ്യാനാകും. ഓയിൽപാം ഇന്ത്യ എണ്ണപ്പനപ്പഴം നൽകുകയാണെങ്കിൽ ആവശ്യമായ തൈകൾ കൃഷിക്കാർക്ക് ഉൽപ്പാദിപ്പിച്ച് നൽകാനും യൂണിവേഴ്സിറ്റി കോളേജിലെ ബോട്ടണി വിഭാഗം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഏതാണ്ട് 4,000 ഹെക്ടർ എണ്ണപ്പനക്കൃഷി നട ത്താൻ സാധിക്കുന്നപക്ഷം കേരളത്തിനാവശ്യമായ പാമോയിൽ ഉൽപ്പാദിപ്പി ക്കാൻ മേൽപറഞ്ഞ ലളിതമായ സാങ്കേതികവിദ്യയിലൂടെ സാധിക്കും. സംസ്ഥാന കൃഷിവകുപ്പിന്റെയും സംസ്ഥാന നിയമസഭയുടെയും വിശേഷിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടേയും സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇതിൽ രണ്ടുമൂന്ന് ഗൗരവമുള്ള പ്രശ്നങ്ങളുണ്ട്. ഈ എണ്ണപ്പനക്കൃഷി നെൽക്കൃഷിക്കും തെങ്ങുകൃഷിക്കും അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിൽ ഗവൺമെന്റിന് എതിരില്ല. എന്നാൽ ഒരു ഭക്ഷ്യയെണ്ണ എന്ന നിലയിൽ പാമോയിലിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങ ളിൽ ഗവൺമെന്റിന് താൽപ്പര്യമില്ല. അത് സാദ്ധ്യവുമല്ല. കേരളത്തിൽ നമ്മൾ ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയുടെ 30 ശതമാനം മാത്രമേ കേരളത്തിൽ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. 70 ശതമാനവും വ്യാവസായിക ആവശ്യ ങ്ങൾക്കുവേണ്ടി കേരളത്തിന് പുറത്താണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിനാവശ്യമായിട്ടുള്ള ഭക്ഷ്യയെണ്ണ എന്ന നിലയിൽ വെളിച്ചെണ്ണ ആവശ്യത്തിന് ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പിന്നെ ബഹുമാന പ്പെട്ട അംഗം പാമോയിൽ ഉണ്ടാക്കാനുള്ള പുതിയ സംവിധാനത്തെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിൽ നിലവിലുള്ള ഏറ്റവും ഉയർന്ന സാങ്കേതികവിദ്യയുപ യോഗിച്ചാണ് ഓയിൽ പാം ഇന്ത്യ ഈ എണ്ണ ആട്ടിയെടുക്കുന്നത്. പക്ഷെ അവർക്ക് ഈ പുതിയ സാങ്കേതികവിദ്യയെക്കുറിച്ച് അറിയുകയില്ല. എണ്ണ രാജ്യ ങ്ങളായിട്ടുള്ള മലേഷ്യ, ഇന്തോനേഷ്യ, ആഫ്രിക്കൻരാജ്യങ്ങൾ തുടങ്ങിയ രാജ്യ ങ്ങളിലൊന്നുംതന്നെ ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചിട്ടുള്ള പുതിയ സാങ്കേതികവിദ്യയെക്കുറിച്ച് അവർക്ക് അറിയുകയില്ലെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള വിവരം. ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ഉന്നയിച്ച ഒരു പ്രശ്നമായതുകൊണ്ട് ഇതിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കാനും ഇത് ഉപയുക്തമാക്കാൻ കഴിയുമോയെന്നതുസംബന്ധിച്ച് ഓയിൽ പാം ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഗവൺമെന്റ് തയ്യാറാണ്.

9. കേരളത്തിനുള്ള കേന്ദ്ര വൈദ്യുതിയുടെ അൺഅലോക്കേറ്റഡ് വിഹിതം നിർത്തലാക്കിയതു സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി : സർ, കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് വൈദ്യുതി അവരുടെ പുളിൽനിന്ന് നൽകുന്നത് രണ്ട് രീതിയിലാണ്. ഒന്ന് അലോ ക്കേറ്റഡ് ഷെയർ, മറ്റൊന്ന്, അൺ അലോക്കേറ്റഡ് ഷെയർ. അതിൽ കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തിന് അൺഅലോക്കേറ്റഡ് ഷെയർ കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നുദിവസമായി യാതൊരു മുന്നറിയിപ്പും കൂടാതെ പൂർണ്ണമായി നിർത്തലാക്കിയിരിക്കുകയാണ്. ഇക്കഴിഞ്ഞ 21-ാം തീയതി എനിക്ക് നൽകിയ സ്റ്റാർഡ് ചോദ്യത്തിന്റെ ഉത്തരത്തിൽ പറയുന്നത് നമ്മുടെ സംസ്ഥാനത്ത് പ്രതിവർഷം വൈദ്യുതി ഉപയോഗം 10,961.01 ദശലക്ഷം യൂണിറ്റാണെന്നാണ്. നമ്മൾ ഉൽപ്പാദിപ്പിക്കുന്നത് 7842 ദശലക്ഷം യൂണിറ്റാണ്. അതായത് നമ്മുടെ ഉൽപ്പാദനവും ഉപഭോഗവും തമ്മിൽ ഏതാണ്ട് 3121.01 ദശലക്ഷത്തിന്റെ കുറവുണ്ട്. ഇത് പരിഹരിക്കുന്നത് കേന്ദ്രപൂളിൽനിന്നാണ്. അപ്പോൾ നമുക്ക് നൽകിയിരുന്ന അൺഅലോക്കേറ്റഡ് വിഹിതം ഒരു മുന്നറിയിപ്പുമില്ലാതെ നിർത്തിവച്ചതിന്റെ പേരിൽ നമുക്ക് വലിയ നഷ്ടമുണ്ടാവുകയാണ്. ധർമ്മം തരുന്നതുപോലെ തരുന്ന ഒരു കാര്യമാണ്. ഒരു യൂണിറ്റിന് ഒരു രൂപ പത്തുപൈസയാണ് നമ്മൾ കൊടുക്കേണ്ടത്. ഇതുകൊണ്ട് സംഭവിക്കുന്നതെന്താണെന്നുവച്ചാൽ ഇപ്പോൾ നമ്മുടെ ജലവൈദ്യുതപദ്ധതികളിൽ സ്റ്റോറേജുള്ള വെള്ളം നമുക്ക് കൂടുതൽ ഉപയോഗിക്കേണ്ടിവരും. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യങ്ങൾ കേന്ദ്രഗവൺമെന്റിൽ ടേക്കപ്പ് ചെയ്യണം. ഈ കാര്യത്തിൽ എന്നല്ല പല കാര്യങ്ങളിലും കേന്ദ്രഗവൺമെന്റ് കേരളത്തെ അവഗണിക്കുകയാണ്. ആ കാര്യത്തിലൊക്കെ നമ്മുടെ സമീപനം കുറേക്കൂടെ മാറ്റണം. എല്ലാത്തിനും നമ്മുടെ മുഖ്യമന്ത്രി കത്ത് എഴുതും. ഈ കാര്യത്തിലും ഗവൺമെന്റ് കത്തെഴുതിയതായി ഞാൻ മനോരമയിലും മാതൃഭൂമിയിലുമൊക്കെ കണ്ടു. കത്തെഴുതിയാൽപോരാ. ഇതൊക്കെ നമ്മുടെ സംസ്ഥാനത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്. അതുകൊണ്ട് വളരെ ശക്തിയായി ഈ കാര്യം കേന്ദ്രത്തിൽ ടേക്കപ്പ് ചെയ്യാനുള്ള സംവിധാനം ഗവൺമെന്റുണ്ടാക്കണം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഈ ഗവൺമെന്റ് ആവശ്യമില്ലാത്ത പബ്ളിസിറ്റി കൊടുക്കുകയാണ്. അപ്പുറത്തുനിന്ന് എല്ലാവരും പ്രസംഗിക്കുന്നത് എന്താണ്. രണ്ടായിരാമാണ്ടിൽ വൈദ്യുതി മിച്ചം. മിച്ചമല്ല. സർ, എന്താണ് സ്ഥിതി? 3121 ദശലക്ഷം യൂണിറ്റിന് നമ്മൾ ഇപ്പോഴും കേന്ദ്രത്തെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് ഇത് കേന്ദ്രത്തിൽ ടേക്കപ്പ് ചെയ്യണം. വൈദ്യുതിരംഗത്തുള്ള അനാവശ്യമായ പ്രചരണം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമ്മർദ്ദം ചെലുത്തി ഇത് തിരിച്ചുവാങ്ങണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതിവിഹിതം സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക മാനദണ്ഡപ്രകാരമാണ്. അത് കാലാകാലങ്ങളിൽ സംസ്ഥാനങ്ങൾക്ക് വ്യത്യസ്ത അളവുകളിലാണ് നൽകി വരുന്നത്. കേന്ദ്രവൈദ്യുതിയുടെ അൺഅലോക്കേറ്റഡ് ഡെഫിസിറ്റ്സിൽ പ്രതിമാസം ഏകദേശം 10 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് അൺഅലോക്കേറ്റഡ് വൈദ്യുതിയുടെ ഒട്ടാകെയുള്ളതിൽ അഞ്ചുശതമാനത്തോളം വരും. ഈ മാസം 18-ാം തീയതി മുതൽ കേരളത്തിന്റെ വിഹിതം പൂർണ്ണമായി നിറുത്തിയിരിക്കുകയാണ്. ഇതുമൂലം കേരളത്തിന് കേന്ദ്രവിഹിതത്തിൽനിന്നും ഏകദേശം 14 മെഗാവാട്ട് സ്ഥാപിതശേഷിക്കുതുല്യമായകുറവാണുണ്ടായിട്ടുള്ളത്.ഇപ്പോൾകേരളത്തിലെ വൈദ്യുതോൽപാദനം ഈ കുറവ് ഉൾക്കൊള്ളുന്നതിനാൽ വൈദ്യുതി വിതരണത്തെ പ്രത്യേകിച്ച് പ്രതികൂലമായി ബാധിച്ചിട്ടില്ലെങ്കിലും കേന്ദ്രവിഹിതത്തിൽനിന്നും കിട്ടുന്ന വൈദ്യുതിയേക്കാൾ വിലകുറവായതിനാൽ ഈ നടപടി കേരളത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് തികച്ചും ഏകപക്ഷീയമായി കേരളത്തിനുള്ള വിഹിതം വെട്ടിക്കുറച്ചതിനെതിരെ 20.12.1999 -ൽ കേന്ദ്രമന്ത്രിക്ക് പ്രത്യേകം ഫാക്സ് സന്ദേശം കൊടുക്കുകയും 21-ന് കത്ത് അയക്കുകയും കത്തുകൂടാതെ തന്നെ ഊർജ്ജമന്ത്രാലയത്തിൽ പ്രതിഷേധം അറിയിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിഭാഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽപ്പെട്ട എം.പി. മാരെയും ഈ വിവരം അറിയിക്കുകയും ഇതൊരു പ്രശ്നമാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പരസ്യം അനാവശ്യമായി കൊടുക്കുന്നുവെന്നുള്ള ഒരു തോന്നൽ ബഹുമാന്യനായ രവിയുടെ സംഭാഷണത്തിലുണ്ടായിട്ടുണ്ട്. സാധാരണ ഓരോ പ്രോജക്ടും തുടങ്ങുമ്പോഴോ കമ്മീഷൻ ചെയ്യുമ്പോഴോ ഉള്ള ഘട്ടത്തിൽ ബോർഡ് കഴിഞ്ഞ 10 വർഷക്കാലമായി സ്വീകരിച്ചുവരുന്ന പരസ്യത്തിന്റെ ഒരു മാനദണ്ഡം ഇപ്പോഴും തുടരുന്നുവെന്നുമാത്രമേയുള്ളൂ. ഇപ്പോൾ കുറച്ച് കൂടുതൽ വർക്കുകൾ നടത്തുന്നുവെന്നുള്ളതുകൊണ്ട് സ്വാഭാവികമായി ആ മാനദണ്ഡമനുസരിച്ച് പരസ്യം ഒരു പക്ഷെ കൂടുതൽ വന്നേക്കാം. പരസ്യം കൊടുക്കുന്നത് വൈദ്യുതി വിൽക്കാനല്ലല്ലോ? അതിൽ വല്ല സംശയവുമുണ്ടെങ്കിൽ ബഹുമാനപ്പെട്ട കാർത്തികേയനോട് ചോദിച്ചാൽ പറഞ്ഞുതരും. ഒരു പ്രോജക്ട് തുടങ്ങുമ്പോൾ, ഒരു പ്രോജക്ട് കമ്മീഷൻ ചെയ്യുമ്പോൾ, ഒരു സ്ഥാപനം നടത്തുന്ന പ്രവർത്തനത്തെ ജനങ്ങളുടെ ഇടയിലേക്ക് എത്തിക്കുന്നതിന് സ്വീകരിക്കുന്ന ഒരു മാർഗ്ഗമാണ് പരസ്യം. കഴിഞ്ഞ പത്തുവർഷക്കാലമായി തുടരുന്ന ഒരു മാർഗ്ഗം ഇപ്പോഴും തുടരുന്നുവെന്നുമാത്രമേയുള്ളൂ.

10. ആറളം ഫാമിലെ ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതു സംബന്ധിച്ച്

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട നിരാലംബരായ മനുഷ്യർക്കുവേണ്ടി സ്തുത്യർഹമായ ഒരു പാട് സേവനങ്ങളാണ് ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ആ സഹായ പദ്ധതികളൊന്നും തന്നെ ഏറ്റുവാങ്ങാൻ കഴിയാതെ ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമിൽ നിരാലംബരായി കഴിയുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ ദയനീയമായ അവസ്ഥയാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 1971-ൽ ഫാം ആരംഭിക്കുന്നതിനുമുമ്പു തന്നെ ഈ പ്രദേശത്ത് താമസിച്ചുവന്ന കുടുംബങ്ങളാണ് ഇവർ. അവിടെ മൂന്ന് പട്ടികവർഗ്ഗ സങ്കേതങ്ങളുണ്ട്. കൈതക്കൊല്ലി കോളനി, ഓടംതോട് ഒന്നാം കോളനി, ഓടംതോട് രണ്ടാം കോളനി എന്നീ മൂന്നു കോളനികളിലായി എഴുപത്തിയെട്ടോളം വീടുകൾ ഇപ്പോഴുണ്ട്. രണ്ട് മൂന്ന് തലമുറകൾ ഒന്നിച്ചു താമസിക്കുകയാണ്. അതെല്ലാം വേർപെടുത്തി പരിശോധിച്ചാൽ 120-ൽ അധികം കുടുംബങ്ങൾ അവിടെ താമസിക്കുകയാണ്. സ്വന്തമായി ഒരു തുണ്ട് ഭൂമി അവർക്കില്ല. ഫാം അധികൃതർ ഏത് നിമിഷവും അവരെ കുടിയൊഴിപ്പിക്കുന്ന അവസ്ഥയാണുള്ളത്. അവർക്കാവശ്യമായ ജോലികൊടുക്കാൻ ഗവൺമെന്റ് അധികൃതർ തയ്യാറാകാറില്ല. ഭൂമിയില്ലാത്തതിനാൽ സർക്കാർ പ്രഖ്യാപിക്കുന്ന ആശ്വാസ നടപടികളൊന്നുംതന്നെ ഏറ്റുവാങ്ങാൻ ഈ പാവപ്പെട്ടവർക്ക് കഴിയുന്നില്ല.

[11 A.M.]

പരിഷ്കൃത കേരളത്തിന് വേദനാജനകമായ അനുഭവവുമായി ഫാമിൽ അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ടവരായ കുറേയേറെ മനുഷ്യജീവികൾ വലിയ ദുഃഖം സഹിച്ചുകൊണ്ട് ജീവിച്ചുവരികയാണ്. അവിടെയുണ്ടായിരുന്ന കുറച്ചുകൂടി പരിഷ്കൃതരായിരുന്ന കുറിച്യാ കുടുംബങ്ങളെ അഞ്ചേക്കർ ഭൂമി വീതം കൊടുത്തു പുനരധിവസിപ്പിക്കപ്പെടുകയുണ്ടായി. എന്നാൽ ആരോടും സംസാരിക്കാനോ വേദന തുറന്നു പറയാനോ കഴിയാത്ത പണിയ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട മനുഷ്യർ ഇപ്പോൾ ഫാമിനകത്തുതന്നെ അലഞ്ഞുനടക്കുന്ന സങ്കടകരമായ കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഒരേക്കർവീതം ഭൂമിയെങ്കിലും നൽകികൊണ്ട് അവരെ പുനരധിവസിപ്പിച്ച് എല്ലാ ക്ഷേമ പ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly